# ഹരിലക്ഷ്മി

ശരച്ചന്ദ്ര ചാററർജി

MF9
Cha-H

# ഹരിലക്ഷ്മി

X

(Malayalam)
Harilakshmi
Story
SARATCHANDRA CHATTERJI

Translated from Bengali
By KAROOR NARAYANAN

First Published January 1955
Reprinted April 1958, November 1961

Printed at
INDIA PRESS, KOTTAYAM

Price Re 0·50

Rights Reserved

Published by K. Narayanan

Distributors:
NATIONAL BOOK STALL
Kottayam Kerala State India

# ഹരിലക്ഷ്മി

36271

## ശരച്ചന്ദ്ര ചാററർജി

വിവത്തനം

**കാത്രൂർ നാരായണൻ**

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 0.50

## കാരൂർ നാരായണന്റെ

### തർജ്ജമകൾ

ഗ്രാമസമാജം

പരിണീത

വികൃതി

സുമതി

ഹരിലക്ഷ്മി

വൈകുണ്ഠന്റെ മരണപത്രം

അനുരാധ

ദർപ്പചൂർണ്ണം

പിയാരി

രക്തരാഗം

D29/61-62 3-1000

# ശരച്ചന്ദ്ര ചാററർജി

വിശ്വവിഖ്യാത സാഹിത്യകാരനായിരുന്നു വിക്ടർ ഹ്യൂഗോ. അന്യാദൃശമായ ഒരു പ്രത്യേകത ആ ജീവിതത്തിനുണ്ടായിരുന്നു. രാജസേവകനായി ജീവിതം ആരംഭിച്ച്, ക്രമേണ മാറി മാറി, എൺപതാമത്തെ വയസ്സിൽ വിപ്ലവകാരികളുടെ വിശ്വഗുരുവായി ജീവിതം അവസാനിപ്പിച്ചു. ശരച്ചന്ദ്ര ചാററർജിയുടെ വ്യക്തിത്വത്തെ സംബന്ധിച്ചും എടുത്തുപറയേണ്ട പ്രത്യേകത മറെറാന്നല്ല. ജീവിതസായാഹ്നത്തോട് അടുക്കുംതോറും, ആ മഹാനിൽ ഉറങ്ങുകിടന്ന ഉല്പതിഷ്ണുത്വവും പരിവർത്തനപ്രസക്തിയും ആളിക്കത്തുവാൻ തുടങ്ങി. ഭാരതീയസാഹിത്യത്തിൽ അനിഷേധ്യമായ ഒരു പ്രേരണാശക്തിയായി ശരച്ചന്ദ്ര ചാറ്റർജിയുടെ നാമധേയം നിലനില്ക്കുന്നതിനു് ഒരുകാരണം ഒരു പക്ഷേ, ഈ പ്രത്യേകതതന്നെയായിരിക്കണം.

വംഗസാഹിത്യത്തിൽ ശരച്ചന്ദ്രനുള്ള സ്ഥാനം പ്രത്യേകം എടുത്തുപറയേണ്ടതില്ല. ബങ്കാളിലെ ഏററവും പ്രിയതരനായ സാഹിത്യകാരനായിരുന്നു അദ്ദേഹം. ബഹുമതികൾ അദ്ദേഹത്തിൻെറ മേൽ വർഷിക്കപ്പെട്ടു. ബഹുജനങ്ങൾ അദ്ദേഹത്തെ ആരാധിച്ചു. അതുപോലെതന്നെ ഒരു കലാകാരനായും രാഷ്ട്രീയപ്രവർത്തകനായും ശരച്ചന്ദ്രൻ ജനങ്ങളെ സ്നേഹിക്കുകയും ചെയ്തു. ടാഗോറിനെപ്പോലെയോ, അതിലൊരുപടി കടന്നോ, ജനങ്ങളുടെ പ്രേമാദരങ്ങൾ നേടുവാൻ ശരച്ചന്ദ്രനു് കഴിഞ്ഞു എന്നു പറയുന്നതു് ഒരതിശയോക്തിയായിരിക്കുകയില്ല.

1876-ലാണു് ശരച്ചന്ദ്രൻെറ ജനനം. പാവപ്പെട്ട വീട്ടിൽ ജനിച്ച അദ്ദേഹം വളരെ ഞെരുങ്ങിയാണു് വിദ്യാഭ്യാസത്തിനു പുറപ്പെട്ടതു്. കഷ്ടിച്ച് ഇൻറർമീഡിയററു വരെ എത്തി. പരീക്ഷയ്ക്കു പണമടയ്ക്കാൻ നിവൃത്തിയില്ലാതെ അവിടെവച്ച് കോളേജുമായി അദ്ദേഹം പിണങ്ങിപ്പിരിഞ്ഞു. പിന്നെ യാതൊരു ഗതിയുമില്ലാതെ അലഞ്ഞുതിരിയുവാൻ തുടങ്ങി. തെണ്ടിയായും താന്തോന്നിയായും നടന്നു. സന്യാസിയായി ജീവിച്ചു. ഗായകനായി കഴിഞ്ഞു. എന്തിനു്, കെട്ടാവുന്ന വേഷമെല്ലാം അദ്ദേഹം കെട്ടി ആടി. അങ്ങനെ ജീവിതം പഠിച്ചു. അനുഭവസമ്പന്നനായി ആ യുവാവു് ബർമ്മയിലേയ്ക്കു കടന്നു. അവിടെ ഒരു ചെറിയ ജോലി കരസ്ഥമാക്കി. അപ്പോഴേയ്ക്കും ഏതാണ്ടു മുപ്പത്തഞ്ചു വയസ്സായി ശരച്ചന്ദ്രനു്.

ഈ കാലഘട്ടത്തിലാണ് ശരച്ചന്ദ്രൻ കലാലോകത്തിൽ പ്രത്യക്ഷപ്പെടുന്നതു്. അതിനുമുമ്പും വളരെയൊക്കെ എഴുതിയിട്ടുണ്ടു്. പക്ഷേ, അവയൊന്നും വെളിച്ചം കണ്ടിരുന്നില്ല. അഥവാ വെളിച്ചം കണ്ടവയെല്ലാം മററു് ഏതെങ്കിലും പേരുകളിലായിരുന്നു. പക്വത പ്രാപിക്കാത്ത കലാസൃഷ്ടി സ്വന്തം പേരിൽ പ്രസിദ്ധപ്പെടുത്തരുതെന്നു് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. സ്വന്തം സ്ഥാനം സാഹിത്യലോകത്തു് അംഗീകരിക്കപ്പെട്ടു കഴിഞ്ഞപ്പോഠം അദ്ദേഹം ജോലി ഉപേക്ഷിച്ചു് സ്വന്തം നാട്ടിലേയ്ക്കു മടങ്ങി. പിന്നീടു് സാഹിത്യസൃഷ്ടി മാത്രമായിരുന്നു അദ്ദേഹത്തിൻെറ ജീവിതവൃത്തി. അങ്ങനെ തൂലികകൊണ്ടുമാത്രം ജീവിതം നയിച്ച ആദ്യത്തെ വംഗസാഹിത്യകാരനായി ശരച്ചന്ദ്രൻ.

ഗുജറാത്തി, ഹിന്ദി, മറാത്തി, തമിഴ്, സിന്ധി, ഉർദ്ദു, മലയാളം മുതലായ പ്രധാന ഭാഷകളിൽ അദ്ദേഹത്തിൻെറ കൃതികഠം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. മിക്കകഥകളും ചലച്ചിത്രത്തിലും ആടിക്കഴിഞ്ഞു.

സാമാന്യജനങ്ങളിൽ ഒരുവനായി ജനിക്കുകയും, വളരുകയും, അവക്കുവേണ്ടി സ്വന്തം കലാജീവിതത്തെ സമർപ്പിക്കുകയും ചെയ്ത ഒരു സാഹിത്യകാരനായിരുന്നു ശരച്ചന്ദ്ര ചാററർജി. കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന സമുദായത്തിൻെറ പ്രശ്നസഹസ്രങ്ങളിലേയ്ക്കു കലാകാരൻെറ പ്രത്യേകവൈഭവത്തോടെ ചുഴിഞ്ഞിറങ്ങുവാൻ യത്നിച്ചിട്ടുള്ള ചാററർജി അതുല്യനായ ഒരു സാഹിത്യസമ്രാട്ടാണെന്നു പെട്ടെന്നു പ്രകീർത്തിതനായി. റഷ്യൻസാഹിത്യത്തിൽ ചെക്കോവിനു ശേഷം, മാക്സിംഗോർക്കി എന്നപോലെയാണു് വംഗസാഹിത്യത്തിൽ ടാഗോറിനു മുന്നിൽ ശരച്ചന്ദ്രൻ നിലകൊള്ളുന്നതു്. ജീവിതത്തിൻെറ തീവ്രസ്പന്ദനങ്ങഠം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന ശരത്കൃതികഠം എന്നും ഭാരതത്തിനു് അഭിമാനോജ്ജ്വലമായ നേട്ടങ്ങഠം തന്നെയാണു്. 1938 ജനുവരിയിലുണ്ടായ ശരച്ചന്ദ്രൻെറ നിര്യാണം ബങ്കാളിനും ഇന്ത്യയ്ക്കും പൊതുവേ പൊറുക്കേണ്ടിവന്ന ഉല്ക്കടമായ ഒരു ദേശീയ ദുഃഖമായിരുന്നു. പക്ഷേ, അദ്ദേഹം സംഭാവന ചെയ്ത അമൂല്യങ്ങളായ കലാസൃഷ്ടികളിൽക്കൂടി ഭാരതജനഹൃദയങ്ങളിൽ അദ്ദേഹം എന്നെന്നും ജീവിക്കുകതന്നെ ചെയ്യും.



ശരച്ചന്ദ്ര ചാററർജി

# ഹരിലക്ഷ്മി

ഈ കഥയ്ക്കാസ്പദമായ സംഭവം തീരെ നിസ്സാരമായിരുന്നെങ്കിലും അതു ഹരിലക്ഷ്മിയുടെ ജീവിതത്തിൽ ഉളവാക്കിയ ഫലം ചെറുതായിരുന്നില്ല. അങ്ങനെയാണു ലോകഗതി. ബേൽപൂരിലെ നദിയിൽ ഒരു കപ്പലിന്റെ അടുത്തായി ഒരു ചെറിയ കൊതുമ്പുവള്ളം കിടന്നിരുന്നു. പെട്ടെന്നെവിടുന്നോ വന്ന ഒരു കാററ് ഈ കൊതുമ്പുവള്ളം അടിച്ചിളക്കി; അതു മുട്ടി കപ്പലിന്റെ നങ്കൂരം പറിഞ്ഞുപോയി.

ബേൽപൂർ വലിയ താലൂക്കൊന്നുമായിരുന്നില്ല. ജനസംഖ്യ പത്തുപന്തീരായിരത്തിലധികമില്ല. ഈ താലൂക്കിലെ ഭൂസ്വത്തുക്കളിൽ പതിനാറിനു പതിനഞ്ചരകണ്ടു ജമിന്ദാർ ശിവചരണൻെറ കൈവശത്തിലായിരുന്നു. ബാക്കി അരഭാഗത്തിന്റെ അധികാരി വിപിനവിഹാരിയും. അവരെ താരതമ്യപ്പെടുത്തുമ്പോൾ കപ്പലും കൊതുമ്പുവള്ളവുംപോലെയെന്നുപറയുന്നതു് അതിശയോക്തിയല്ലല്ലൊ.

വളരെ അകന്ന ബന്ധുക്കളാണിവർ. ഏഴെട്ടു തലമുറമുമ്പു് ഒരേ കുടുംബക്കാരുമായിരുന്നു. പക്ഷേ, ഇപ്പോൾ ശിവചരണൻെറ മൂന്നുനിലമാളിക ഗ്രാമത്തിനു മുകളിൽ തലയുയർത്തിനില്ക്കുമ്പോൾ വിപിനവിഹാരി

യുടെ ദാരിദ്ര്യംപിടിച്ചവീട് പ്രതിദിനം ഭൂമിയിലേക്കു താഴുകയാണു്.

എങ്കിലും മുമ്പു കഴിഞ്ഞിരുന്നതുപോലെ തത്തിപ്പിടിച്ചു കഴിച്ചുകൂട്ടുവാൻ 'വിപിനവിഹാരിക്കു വിഷമമുണ്ടാകുമായിരുന്നില്ല.

പെട്ടെന്നുണ്ടായ കൊടുങ്കാററിന്റെ ഉത്ഭവം ഇങ്ങനെയാണു്:

ശിവചരണന്റെ ഭാര്യ മരിച്ചു. നാല്പതുവയസ്സൊരു വയസ്സാണോ? വീണ്ടുമൊരു കല്യാണം കഴിക്കുവാൻ വേണ്ടപ്പെട്ടവർ ഉപദേശിച്ചു. ശിവചരണനു നാല്പതു വയസ്സായിട്ടു, കൊല്ലം നാല്പതു കഴിഞ്ഞെന്നു ശത്രുക്കൾ പരിഹസിച്ചു. നേരുപറഞ്ഞാൽ ഇതു രണ്ടും ശരിയല്ല. ബഡാബാബുവിന്റെ മുഖത്തു മീശയുടെ ലക്ഷണംപോലുമില്ല. തക്കപ്രായത്തിൽ താടിയും മീശയും കുരുത്തില്ലെങ്കിൽ അതൊരു സൗകര്യമാണു്. ചിലപ്പോൾ അസൗകര്യവും. പ്രായം കണക്കുകൂട്ടാൻപോകുന്നവക്കു് ഒരെത്തും പിടിയും കിട്ടുകയില്ല. ഏതായാലും പണമുള്ളവക്കു വയസ്സു കൂടിപ്പോയി എന്നുപറഞ്ഞു് ഒരു നാട്ടിലും പെണ്ണുകിട്ടാതെ വന്നിട്ടില്ല. പിന്നെയല്ലേ ബങ്കാളിൽ! ഭാര്യ മരിച്ചതിന്റെ കരച്ചിലും പിഴിച്ചിലുമായി ഒന്നരമാസം കഴിച്ചിട്ടു് അദ്ദേഹം ഹരിലക്ഷ്മിയെ വിവാഹംചെയ്തു. ശൂന്യമായിരുന്ന വീടു് ഒരൊററദിവസം കൊണ്ടു് ഉണന്നു. ശത്രുക്കൾ എന്തുപറഞ്ഞാലും ഈശ്വരൻ ഇപ്രാവശ്യം ജമിന്ദാർബാബുവിനെ കരുണാപൂർവ്വംതന്നെ കടാക്ഷിച്ചു. നവവധു പ്രായത്തിൽ വരനെക്കാൾ വളരെ താഴെയല്ല. ഒന്നുരണ്ടു കുട്ടികളെക്കൂടി കൊണ്ടുപോന്നിരുന്നെങ്കിലതും മോശമാകുകയില്ലായിരുന്നുവെന്നും മററും ചിലർ രഹസ്യമായി പറയാതിരു

ന്നില്ല. എന്നാലും അവൾ വളരെ സുന്ദരിയാണെന്ന് എല്ലാവക്കും സമ്മതിക്കേണ്ടിവന്നു. ലക്ഷ്മിക്കു വയസ്സ പത്തൊൻപതിൽ കുറവല്ല. പരിഷ്കാരിയായിരുന്ന അവളുടെ പിതാവ് മകളെ വീട്ടിലിരുത്തി പഠിപ്പിച്ചു മട്രിക്കുലേഷൻ പാസ്സാക്കി. അങ്ങനെ വയസ്സു കുറെ കടന്നുപോയി. അദ്ദേഹത്തിൻെറ ഇച്ഛ മററുചിലതായിരുന്നെങ്കിലും വ്യവസായത്തിൽ നഷ്ടംവന്നു ദാരിദ്ര്യത്തിൻെറ പിടിയിൽപ്പെട്ടപ്പോൾ കന്യകയെ ഈ വരനു കൊടുക്കേണ്ടിവന്നതാണ്.

ലക്ഷ്മി പട്ടണത്തിൽ ജനിച്ചുവളന്നവൾ. രണ്ടുനാലു ദിവസംകൊണ്ടു ഭത്താവിൻെറ അളവെടുത്തു. അവൾക്കൊരു വിഷമമുണ്ടായിരുന്നതു് ഇത്രവലിയൊരു വീടായിരുന്നിട്ടും അവിടെ മനസ്സുതുറന്നു വത്തമാനം പറയാൻ കൊള്ളാവുന്ന ഒരാളുണ്ടായിരുന്നില്ല എന്നതാണ്. വൃദ്ധൻെറ തരുണിയായ ഭാൎയ്യയെന്ന നിലയിലല്ല, ഒരപൂവ്വനിധിയെന്ന മട്ടിലാണ് അവളെ എല്ലാവരും കരുതിവന്നതു്. എന്തുചെയ്താലാണു ലക്ഷ്മിയെ പ്രീതിപ്പെടുത്തുവാൻ പററുകയെന്ന് ഓരോരുത്തരും മത്സരിച്ചു ശ്രമിക്കയായി. മറേറവീട്ടിലെ ഗൃഹനായികയുടെ ഗർവ്വ് ഇതോടെ അസ്തമിച്ചുവെന്നു പലരുടേയും മുഖത്തുനിന്നു ലക്ഷ്മി കേൾക്കാറുണ്ടു്. രൂപത്തിലും ഗുണത്തിലും വിദ്യയിലും അവൾക്കുണ്ടായിരുന്ന ഗർവ്വ് ലക്ഷ്മിയുടെ വരവോടുകൂടി അസ്തമിച്ചത്രെ!

ഇതൊക്കെയായിട്ടും ഒന്നുരണ്ടുമാസം കഴിഞ്ഞപ്പോൾ ലക്ഷ്മി കിടപ്പിലായിപ്പോയി. ഈ സുഖക്കേടിനിടയ്ക്കു മറേറ വീട്ടിലെ മേജ ബൗവിനെ പരിചയപ്പെടുവാൻ കഴിഞ്ഞു. (ബൗ എന്നതിനു വധു എന്നും, മേജ എന്നതിനു രണ്ടാമത്തെ എന്നും അത്ഥം. ഒരു വീട്ടിൽ

രണ്ടുമൂന്നു സഹോദരന്മാരുണ്ടെങ്കിൽ അവരുടെ പ്രായമനുസരിച്ച് ഭാര്യമാരെ ബഡാ ബൗ, മേജ ബൗ, ചോട്ടാ ബൗ എന്നു വിളിക്കും. ഇവിടെ ജമിന്ദാരുടെ ഭാര്യ ബഡാ ബൗ. അയാളുടെ അകന്ന ചാർച്ചക്കാരനാണെങ്കിലും ഇളയവനായ വിപിനന്റെ ഭാര്യ മേജ ബൗ.) വലിയ വീട്ടിലെ വധുവിന്നു സുഖമില്ലെന്നു കേട്ടിട്ടു മേജ ബൗ കാണാൻ വന്നിരുന്നു. വയസ്സു ലക്ഷ്മിയേക്കാൾ രണ്ടുമൂന്നു കൂടുതലുണ്ടാവണം. കാഴ്ചയിൽ സുന്ദരിയാണെന്നു ലക്ഷ്മി മനസാ സമ്മതിച്ചു. ഈ പ്രായത്തിനിടയ്ക്കുതന്നെ മുഖത്തു ദാരിദ്ര്യത്തിന്റെ പാടുകൾ നല്ലപോലെ കാണാനുണ്ട്. കൂട്ടത്തിൽ അഞ്ചാറുവയസ്സു പ്രായമുള്ള ഒരു മെലിഞ്ഞ ചെക്കനുമുണ്ട്. കിടക്കയുടെ ഒരററത്ത് ഇരിക്കാൻ സ്ഥലം കൊടുത്തിട്ടു ലക്ഷ്മി കുറച്ചുനേരം നിശ്ശബ്ദമായി അവളെ നോക്കിക്കൊണ്ടിരുന്നു. ഒന്നുരണ്ടു വളകളല്ലാതെ മററാഭരണങ്ങളൊന്നുമില്ല. കുറച്ചു മുഷിഞ്ഞ ഒരു ദോത്തിയാണു ധരിച്ചിരിക്കുന്നത്—അതു ഭർത്താവിന്റേതായിരിക്കണം. ചെക്കൻ ഗ്രാമത്തിലെ മററു പിള്ളേരെപ്പോലെ ദിഗംബരനല്ല. നിറംകയററിയ ഒരു തോർത്തുമുണ്ടുടുത്തിട്ടുണ്ട്. ലക്ഷ്മി അവളുടെ വലതുകൈ പിടിച്ചുവലിച്ചുകൊണ്ടു പതുക്കെപ്പറഞ്ഞു: "പനി വന്നതു് എന്റെ ഭാഗ്യം. അല്ലെങ്കിൽ നിങ്ങളെ കാണാൻ പററുമായിരുന്നോ. ന്യായത്തിന്നു ഞാനാണു മൂത്തതു്. ഇദ്ദേഹത്തെക്കാൾ ചെറുപ്പമാണദ്ദേഹമെന്നു കേട്ടു."

മേജ ബൗ ചിരിച്ചുകൊണ്ട്: "ഞാൻ ഇളയവളായതുകൊണ്ടാണെന്നെ നിങ്ങളെന്നു വിളിച്ചതു്, അല്ലേ?"

ലക്ഷ്മി:-ആദ്യത്തെ ദിവസമല്ലേ എന്നു വിചാരിച്ചുമാത്രം. അല്ലെങ്കിൽ നിങ്ങളെന്നും മററും വിളിക്കാൻ

ഞാനല്ല ആൾ. എന്നു വിചാരിച്ചിനി എന്നെ ചേച്ചി യെന്നും മററും വിളിച്ചേക്കരുതു്. എന്റെ പേരു് ലക്ഷ്മി യെന്നാണു്.

"പേരു പറഞ്ഞറിയിക്കാനില്ല. കണ്ടാൽത്തന്നെ മനസ്സിലാകുമല്ലോ. ആരോ കളിയാക്കാനായിട്ടു് എനി ക്കു കമല എന്നാണു പേരിട്ടതു്" എന്നു പറഞ്ഞു് അ വൾ സകൗതുകം ഒന്നു ചിരിച്ചു.

നിൻെറ പേരും കണ്ടാൽത്തന്നെ മനസ്സിലാകുമെ ന്നു പറയുവാൻ ലക്ഷ്മി ആഞ്ഞെങ്കിലും അതന്നുകരണമാ ണെന്നു വിചാരിച്ചെങ്കിലോ എന്നു കരുതി പറയാതി രുന്നു. "നമ്മുടെ രണ്ടുപേരുടെയും പേരിൻെറ അൎത്ഥം ഒന്നുതന്നെ. എനിക്കു നീയെന്നു വിളിക്കാം. പക്ഷേ, എന്നെ നീയെന്നു വിളിക്കാൻ പാടില്ല."

കമല ചിരിച്ചുകൊണ്ടു പറഞ്ഞു: "അതു ശരിയാ ണു്. വയസ്സൊരുകാൎയ്യമൊഴിച്ചു ബാക്കിയെല്ലാത്തിലും ചേച്ചിയാണു വലുതു്. അതിനെന്താ—ഇതെല്ലാം മാറാ നെത്രനേരം വേണം."

ഇതിനൊരുത്തരം പറയാൻ ഹരിലക്ഷ്മിക്കു പെട്ടെ ന്നു സാധിച്ചില്ല. എങ്കിലും ഒരുദിവസംകൊണ്ടങ്ങു കീഴ ടങ്ങാൻ കമലയ്ക്കു സമ്മതമില്ലെന്നവൾക്കു മനസ്സിലാ യി. എന്തെങ്കിലുമൊന്നു പറയാൻ പററുന്നതിനു മുമ്പു തന്നെ കമല എഴുന്നേററു.

"എന്നാൽ ഞാൻ നാളെക്കാലത്തേ...."

ലക്ഷ്മി അത്ഭുതപ്പെട്ടുപോയി. "ഇത്ര പെട്ടെന്നു പോയാലോ? കുറച്ചുകൂടി ഇരിക്കൂ."

കമല:—ഇരിക്കാൻ പറഞ്ഞാൽ ഇരിക്കാതെ പററു ല്ല. പോകണം; അദ്ദേഹം വരാറായി.

അവൾ എഴുന്നേററു കുട്ടിയുടെ കൈയ്യു പിടിച്ചിട്ട് "വരട്ടെ ചേച്ചീ, നാളെ നേരത്തെ വരാം" എന്നു പറഞ്ഞു പതുക്കെപ്പതുക്കെ നടന്നിറങ്ങിപ്പോയി.

വിപിനൻെറ ഭാര്യ പോയവഴിക്കു നോക്കിക്കൊണ്ടു് ലക്ഷ്മി വളരെനേരം അനങ്ങാതെ കിടന്നുപോയി. പനി അങ്ങനെ ഉണ്ടായിരുന്നില്ല. ക്ഷീണംമാത്രം. എങ്കിലും കുറച്ചുനേരത്തേക്കു് അവൾ അതെല്ലാം മറന്നുപോയി. ഇതിനിടയ്ക്കു ഗ്രാമത്തിലെ എത്ര സ്ത്രീകൾ കാണാൻ വന്നു? എങ്കിലും ഈ ദരിദ്രസ്ത്രീ അവരെയാരെയുംപോലെയല്ല. അക്കൂട്ടരു കാണാൻവന്നാൽ പിന്നെ ഇരുന്നിടത്തുനിന്നു് എഴുന്നേൽക്കുകയില്ല. അതുമാത്രമോ? മിടുക്കു കാണിക്കാൻ എന്തൊരു ശ്രമമാണു്, എന്തൊരു വൈഭവമാണു്. ഇടയ്ക്കിടയ്ക്കു ലക്ഷ്മിക്കു് ഇതൊന്നും സഹിക്കാൻ വയ്യാതാകാറുണ്ടു്. ഇവൾ വന്നിട്ടു് അഞ്ചാറുനിമിഷം അടുത്തിരുന്നതേയുള്ളൂ. വത്തമാനങ്ങളൊന്നും ചോദിക്കാൻപോലും സമയം കിട്ടിയില്ല. എങ്കിലും കമല ഗ്രാമീണകന്യകയാണെന്നു പറയാതെതന്നെ മനസ്സിലായി. ആ നാട്ടിൽ കമലയുടെ പഠിപ്പിനെപ്പററി വലിയ കേൾവിയായിരുന്നു. എന്തൊരു പഠിപ്പ്! അങ്ങേ അററം രാമായണവും മഹാഭാരതവും ഈണത്തിൽ വായിക്കാൻ പററുമായിരിക്കും. വിപിനനെപ്പോലെയുള്ള ഒരു ദരിദ്രനു പെണ്ണുകൊടുത്ത അച്ഛനു് മാസ്റ്ററെ വച്ചു മകളെ പഠിപ്പിക്കാൻ ത്രാണിയുണ്ടാകുമോ? നിറം ഉജ്ജ്വലമായ കറുപ്പു്; എങ്കിലും സൗന്ദര്യമുണ്ടു്. രൂപമൊഴിച്ചു മററൊന്നിലുംതന്നെ അവൾക്കു ലക്ഷ്മിയോടു കിടനിൽക്കാനാവില്ല. ഓ—ആ സ്വരം! അതിൽ ലക്ഷ്മിക്കു വല്ലാത്ത അസൂയ തോന്നി. സംഗീതം തന്നെ. പറയുന്ന രീതി അതിലും ഹൃദ്യം. പറഞ്ഞ

തെല്ലാം വീട്ടിലിരുന്നു് ഉരുവിട്ടു പഠിച്ചുകൊണ്ടു വന്നതാണെന്നു തോന്നും. അത്ര നിഷ്പ്രയാസമായിട്ടാണു സംസാരിക്കുക. ഇതൊന്നുമല്ല ലക്ഷ്മിയെ ക്ഷോഭിപ്പിച്ചതു്. ഇവളുടെ അന്യത്വം അവർ ദരിദ്രരാണെന്നു പറയാതെതന്നെ പറഞ്ഞൊപ്പിച്ചു. അതല്ലാതെ വേറൊന്നും സമ്മതിച്ചില്ല. ദരിദ്രരാണെങ്കിലും തെണ്ടികളല്ല. ബന്ധുവിനു സുഖക്കേടാണെന്നു കേട്ടിട്ടു കാണാൻ വന്നുവെന്നല്ലാതെ മററുദ്ദേശ്യമൊന്നുമില്ല.

രാത്രി ഭത്താവിനോടു വത്തമാനം പറയുന്നതിനിടയിൽ ലക്ഷ്മി പറഞ്ഞു: "ഇന്നു് ആ വീട്ടിലെ ചേച്ചി വന്നിരുന്നു."

ശിവചരണൻ:—ആരു്, വിപിനന്റെ ഭായ്യയോ?

ലക്ഷ്മി:—അതെ, ഇത്രനാളുകൂടിയിട്ടു് ഇന്നാണു കാണാൻവന്നതു്. പക്ഷേ, ജോലിയുണ്ടെന്നുപറഞ്ഞു വേഗം പൊയ്ക്കളഞ്ഞു.

ശിവചരണൻ:—പിന്നെ ജോലിയില്ലേ? അവൾക്കു നിന്നെപ്പോലെ വേലക്കാരിരുപ്പുണ്ടോ? അടിച്ചുവാരണം. പാത്രം തേക്കണം. അരി വയ്ക്കണം. നിനക്കു ചുമ്മാ കിടന്നോണ്ടാൽമതി. ഒരുപാത്രം വെള്ളംപോലും തന്നത്താനെടുത്തുകുടിക്കേണ്ടാ.

തന്നെപ്പററിയുള്ള ഈ ആരോപണം അസഹ്യമായിത്തോന്നിയെങ്കിലും തന്നെ വലുതാക്കാനാണു്, ചെറുതാക്കാനല്ല ഇപ്പറയുന്നതെന്നു മനസ്സിലായതിനാൽ ലക്ഷ്മിക്കു ദ്വേഷ്യം വന്നില്ല "അവരു വല്ല്യ ഒരഭിമാനിയാ. വീടുവിട്ടു വെളിയിലിറങ്ങുകയില്ലെന്നു കേട്ടു."

ശിവചരണൻ:— എവിടെപ്പോകാനാ? എങ്ങനെ പോകാനാ? കൈയേൽ രണ്ടു കുപ്പിവളയല്ലാതെ വല്ലതു

മൊരാഭരണമുണ്ടോ? നാണിച്ചെങ്ങനെ വെളിയിലിറങ്ങും?

ഹരിലക്ഷ്മി പതുക്കെയൊന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: "നാണിക്കാനെന്തിരിക്കുന്നു? നാട്ടുകാരൊക്കെ അവരുടെ ആഭരണം കാണാനിരിക്കുകയല്ലേ? ആഭരണം കണ്ടില്ലെങ്കിലെല്ലാരും ചിരിക്കാൻ പോകുകാ!"

ശിവചരണൻ:-ആഭരണമല്ലേ? ഹും—ഞാൻ നിനക്കു തന്നിട്ടുള്ളതിൻെറ കാൽഭാഗമെങ്കിലും കണ്ടിട്ടുള്ള വന്മാരെത്രയുണ്ടെടീ? അവനിത്രേംനാളായിട്ടു രണ്ടു വളയാണവൾക്കുണ്ടാക്കിച്ചുകൊടുത്തതു്! രൂപായാണു കാര്യം—രൂപായേ! ചെരിപ്പുകൊണ്ടവനെ അടിച്ചു്—

ലക്ഷ്മി ലജ്ജിച്ചു: "ഛീ ഛീ, എന്തോന്നാണീപ്പറയുന്നതു്?"

ശിവചരണൻ:-ഒന്നുമില്ല. പക്ഷേ, എനിക്കു കള്ളോം സൂത്രോം ഒന്നുമറിയാൻവയ്യ. ഉള്ളതങ്ങു നേരേ പറഞ്ഞേക്കും.

ലക്ഷ്മി ഒന്നും പറയാതെ കണ്ണടച്ചു കിടന്നു. എന്തു പറയാനാണു്? ഈ പാവങ്ങളെക്കുറിച്ചു് ഇത്ര പരുഷമായ സംഗതികൾ പറഞ്ഞിട്ടു് അതു് ആത്മാർത്ഥതകൊണ്ടാണെന്നു പറഞ്ഞാലോ!

ശിവചരണൻ വിട്ടില്ല. "കല്യാണത്തിനവൻ അഞ്ഞൂറുരൂപാ എന്നോടു കടം മേടിച്ചതാണു്. ഇതുവരെ ഒരു കാശു്—എങ്ങ്ഹേ! മുതലും പലിശയുമായി എഴുനൂറു് എണ്ണൂറു വരും. പാവങ്ങളല്ലേ—വല്ലടത്തും കിടന്നു പിഴച്ചോട്ടെ എന്നു വിചാരിച്ചാണു്. അല്ലെങ്കിൽ പിടലിക്കു പിടിച്ചു വെളിയിലിറക്കിവിട്ടേനെ. ഇവിടെ മുററം അടിക്കാൻ ഏല്പ്പെട്ടുത്താൻപോലും കൊള്ളു

കില്ല. എന്നിട്ടാണെൻെറ വീട്ടുകാരിയുടെ അടുത്തു് അഭിമാനം!"

ഹരിലക്ഷ്മി ഒന്നും മിണ്ടാതെ തിരിഞ്ഞു കിടന്നുകളഞ്ഞു. പനിയുടെകൂടെ ലജ്ജയും ദേഷ്യവുംകൂടിയായപ്പോഠം അവളുടെ ദേഹം വിറച്ചുതുടങ്ങി.

പിറേറന്നു് ഉച്ചതിരിഞ്ഞു്, മുറിക്കുള്ളിൽ കാൽപെരുമാററം കേട്ടു ലക്ഷ്മി കണ്ണുതുറന്നു നോക്കിയപ്പോഠം, കമല തിരിച്ചുപോകാൻ തുടങ്ങുകയാണു്. ലക്ഷ്മി പുറകിൽനിന്നു വിളിച്ചു.

കമല തിരിഞ്ഞു. "ഉറങ്ങുകയാണു് എന്നു വിചാരിച്ചു വിളിക്കാതെ പോകുകയായിരുന്നു. ഇന്നെങ്ങനെയിരിക്കുന്നു?"

ലക്ഷ്മി:-ഒട്ടുഭേദമുണ്ടു്. മകനെ കൊണ്ടുവന്നില്ലേ?

കമല:-ഇന്നവനങ്ങു യദൃച്ഛയാ ഉറങ്ങിപ്പോയി.

ലക്ഷ്മി—യദൃച്ഛയാ എന്നു പറഞ്ഞാലോ?

കമല:-പകലുറങ്ങുന്നതു നല്ലതല്ലെന്നു പറഞ്ഞു്, ഞാൻ സമ്മതിക്കാറില്ല.

ലക്ഷ്മി:-ഉറങ്ങിയില്ലെങ്കിൽ കരഞ്ഞു പൊറുതികെടുത്തുകില്ലേ?

കമല:-പകൽ ഉറങ്ങുന്നതിനെക്കാഠം ഭേദമാണു് കരയുക.

ലക്ഷ്മി:-നീയും പകലുറങ്ങാറില്ലേ?

കമല ചിരിച്ചു തലകുലുക്കി, "ഇല്ല" എന്നു മാത്രം പറഞ്ഞു.

പെണ്ണുങ്ങളുടെ സ്വഭാവമനുസരിച്ചാണെങ്കിലിപ്പോഠം ജോലിത്തിരക്കുകളുടെ ഒരു ലിസ്റ്റ് കേഠപ്പിക്കേണ്ടതാണെന്നു ലക്ഷ്മി ഓത്തു. പക്ഷേ, അതൊന്നും ഇവി

ടെയുണ്ടായില്ല. ഇതിനുശേഷം ഓരോന്നു പറഞ്ഞു പറഞ്ഞു ബഹുദൂരം പോയി. ഹരിലക്ഷ്മി തൻെറ അച്ഛൻെറ വീട്ടിലെ കാര്യങ്ങൾ, സഹോദരങ്ങൾ, മാസ്റ്റർ, പഠിത്തം, മട്രിക്കുലേഷൻ പാസ്സായതു് എല്ലാം പറഞ്ഞു കേൾപ്പിച്ചു. ശ്രോതാവിൻെറ നിലയിൽ കമല എത്ര മിടുക്കിയായിരുന്നെങ്കിലും വക്താവിൻെറ നിലയിൽ അവൾ സ്വല്പം പിന്നോക്കമായിരുന്നു. അവൾ സ്വന്തം കാര്യങ്ങളെപ്പററി ഒന്നുംതന്നെ പറഞ്ഞില്ല. അതുകൊണ്ടു ലക്ഷ്മിക്കു് ആദ്യം സ്വല്പമൊരു ലജ്ജ തോന്നാതിരുന്നില്ല. 'അല്ലെങ്കിൽ പിന്നെ, എൻെറ അടുത്തു പറയാൻ മാത്രം അവൾക്കെന്തിരിക്കുന്നു' എന്നു് അവസാനം സമാധാനപ്പെട്ടു. ഏതായാലും തലേദിവസം ഈ യുവതിയെപ്പററി കുറേശ്ശ നീരസം തോന്നിയിരുന്നതു് ഇന്നു തീൎന്നു.

ഭിത്തിയിൽ സ്ഥാപിച്ചിരുന്ന വിലപിടിച്ച നാഴികമണി നാനാവിധവാദ്യഘോഷങ്ങളോടെ മണി മൂന്നായെന്നറിയിച്ചു. കമല എഴുന്നേറ്റു സവിനയം "എന്നാൽ ചേച്ചീ, ഞാനിറങ്ങട്ടെ" എന്നു പറഞ്ഞു.

ലക്ഷ്മി സകൗതുകം: "ഓഹോ, മൂന്നുമണിവരെയായിരിക്കും ഒഴിവുസമയം. അദ്ദേഹം, മണി നോക്കി മൂന്നു മണിക്കു കൃത്യമായി തിരിച്ചുവരുമായിരിക്കും."

കമല:-ഇന്നദ്ദേഹം എങ്ങും പോയില്ല; വീട്ടിൽ തന്നെയുണ്ടു്.

ലക്ഷ്മി:-എന്നാൽ കുറച്ചുനേരംകൂടി ഇരുന്നുകൂടെ?

കമല ഇരുന്നില്ല. നടക്കാനും ഭാവിച്ചില്ല. നിന്ന നിലയിൽത്തന്നെ നിന്നുകൊണ്ടു പതുക്കെ പറഞ്ഞു: "ചേച്ചീ, ചേച്ചി എന്തെല്ലാം പഠിച്ചിട്ടുണ്ടു്! പട്ടണ

ത്തിൽ എന്തെല്ലാം കണ്ടിട്ടുണ്ടു്? ഞാൻ നാട്ടുംപുറത്തു കാരി—"

"നിൻെറ വീടു് നാട്ടുമ്പുറത്താ, അല്ലേ?"

"അതെ. വെറും മലമൂടു്. ഞാനിന്നലെ ഏതാണ്ടൊക്കെ പറഞ്ഞുപോയി. ഈശ്വരനാണെ ചേച്ചിയെ അപമാനിക്കണമെന്നു വിചാരിച്ചല്ല."

ഹരിലക്ഷ്മി അത്ഭുതപ്പെട്ടുപോയി. "ഇതെന്തോന്നാ?—അങ്ങനെയൊന്നും ഇന്നലെ പറഞ്ഞില്ലല്ലൊ."

കമല ഉത്തരമൊന്നും പറയാതെ "എന്നാലിറങ്ങട്ടെ" എന്നു പറഞ്ഞു പതുക്കെപ്പതുക്കെ നടന്നു് ഇറങ്ങിപ്പോയി. പക്ഷേ, ഈ സ്വരം മുമ്പിലത്തെ സ്വരത്തിൽനിന്നും വ്യത്യസ്തമാണെന്നു ഹരിലക്ഷ്മിക്കു തോന്നാതിരുന്നില്ല.

രാത്രി ശിവചരണൻമുറിയിൽ വന്നപ്പോ൦ ലക്ഷ്മി അനങ്ങാതെ കിടക്കുകയായിരുന്നു. കമല പറഞ്ഞ കാര്യ്യം മറന്നേപോയിരുന്നു. ദേഹത്തിനു സുഖമുണ്ടായിരുന്നു. മനസ്സു ശാന്തവും പ്രസന്നവും ആയിരുന്നു.

"എങ്ങനെയിരിക്കുന്നു?" എന്നു ശിവചരണൻ ചോദിച്ചു. ലക്ഷ്മി എഴുന്നേററിരുന്നു. "അസുഖമൊന്നുമില്ല."

ശിവചരണൻ:-കാലത്തെക്കാര്യ്യം കേട്ടില്ലെ? ഞാനാതെണ്ടിയെ വിളിച്ചു നാലുപേരുടെ മുമ്പിൽവച്ചു നാലുവാക്കങ്ങു പറഞ്ഞുകൊടുത്തു. അവനീ ജന്മത്തിനി മറക്കുകയില്ല. ഇതു ശിവചരണനാണു്. ഹും—

ലക്ഷ്മി:-(ഭയപ്പെട്ടു്) ആരെ? ആരെപ്പററിയാണീ പറയുന്നതു്?

ശിവചരണൻ:- വിപിനനെ, വിപിനൻ. ഞാനവനെ വിളിച്ചു നേരേ പറഞ്ഞുകൊടുത്തിട്ടുണ്ടു്. അവന്റെ

പെണ്ണ് എൻെറ വീട്ടുകാരിയുടെ അടുത്തു മിടുക്കെടുക്കുകയാണല്ലേ? എങ്ങാണ്ടുകെടന്ന തെണ്ടിപ്പെണ്ണ്. തല മൊട്ടയടിച്ചു കഴുതപ്പുറത്തുകേററി നാടുകടത്തിയേക്കുന്നുണ്ട്—

ഹരിലക്ഷ്മിയുടെ ക്ഷീണിച്ച മുഖം അപ്പാടെ വിവർണ്ണമായി. "എന്തൊന്നാണീപ്പറയുന്നതു്?"

ശിവചരണൻ മാറത്തു തട്ടിക്കൊണ്ടു ഗർവ്വോടെ പറഞ്ഞു: "ഈ നാട്ടിൽ രാജാവു ഞാനാണു്. പോലീസും മജിസ്ത്രേട്ടുമൊന്നും വേറെയില്ല. ഞാൻ പറഞ്ഞാൽ മതി, തല കാണുകേല. അവൾവന്നു നിൻെറ കാലു തിരുമ്മണമെങ്കിൽ പറ—നാളെത്തന്നെ വന്നില്ലെങ്കിലെൻെറ പേരു്—"

വിപിനനെ മററുള്ളവരുടെ മുമ്പിൽവെച്ചു് അപമാനിച്ച കഥയുടെ ഒരക്ഷരംപോലും വിട്ടുപോകാതെ ശിവചരണൻ പറഞ്ഞുകേൾപ്പിച്ചു.

ഹരിലക്ഷ്മി ലജ്ജിച്ചു് 'ഭൂമിയങ്ങു പിളൎന്നുപോയിരുന്നെങ്കിൽ!' എന്നാശിക്കുകയായിരുന്നു.

# 2

തരുണിയായ ഭാൎയ്യയുടെ ആരോഗ്യത്തിൻെറ കാൎയ്യത്തിൽ ശിവചരണനു് ഒരു പിശുക്കമുണ്ടായിരുന്നില്ല. എങ്കിലും അവളുടെ ദേഹത്തിനു ബേൽപൂരിലെ കാലാവസ്ഥ പിടിച്ചില്ല. സ്ഥലംമാറിത്താമസിക്കണമെന്നു ഡാക്ടർ അഭിപ്രായപ്പെട്ടു. ശിവചരണൻ തൻെറ നിലയ്ക്കനുസരിച്ച ഒരുക്കങ്ങൾ ചെയ്തു. നല്ലദിവസംനോക്കി യാത്രയായി. ഗ്രാമത്തിലെ സ്ത്രീകളെല്ലാം അവളെ യാത്രയയയ്ക്കാൻ വന്നിരുന്നു; കമലയൊഴിച്ചു്. വെളിയിൽ ശിവചരണനും, മനസ്സിൽ അയാളുടെ കൊച്ചമ്മയും ഇക്കാൎയ്യത്തിൽ വല്ലാതെ ക്ഷോഭിച്ചു. ആ ക്ഷോഭത്തിനു വളംവയ്ക്കാൻ ആളുകളും ധാരാളമുണ്ടായിരുന്നു. ഹരിലക്ഷ്മിമാത്രം ഒന്നും പറഞ്ഞില്ല. കമല വരാതിരുന്നതിൽ അവൾക്കും വല്ലായ്മയുണ്ടായിരുന്നു. ഭൎത്താവു് എന്തൊക്കെച്ചെയ്തിരുന്നാലും ലക്ഷ്മി ഒരു കുററവും ചെയ്തിട്ടില്ലല്ലൊ. എങ്കിലും മററു പെണ്ണുങ്ങളോടു ചേൎന്നു കമലയെ കുററംപറയാനവൾക്കു മനസ്സുവന്നില്ല. പോകുന്നവഴിക്കു്, വിപിനൻെറ ഇടിഞ്ഞുപൊളിഞ്ഞ വീടു് കാണാതാകുന്നതുവരെ പല്ലക്കിലിരുന്നുകൊണ്ടു് അവൾ അങ്ങോട്ടുതന്നെ നോക്കിയിരുന്നു. എന്നിട്ടും കമലയുടെ നിഴൽപോലും കാണുന്നുണ്ടോ?

കാശിയിൽ വീടു് ഏൎപ്പാടു ചെയ്തിട്ടുണ്ടായിരുന്നു. രണ്ടുമൂന്നു മാസത്തെ കാശിവാസത്തിനിടയ്ക്കു ലക്ഷ്മിയുടെ ദേഹത്തിനു സുഖംകിട്ടി. നാലുമാസംകഴിഞ്ഞു തിരിച്ചുവന്ന ലക്ഷ്മിയുടെ സൗന്ദൎയ്യംകണ്ടു പെണ്ണുങ്ങളുടെ മനസ്സു വല്ലാതെ നീറി.

തണുപ്പുകാലം അടുത്തുവരുന്നു. കമല ഭർത്താവിനു വേണ്ടി ഒരു സ്വെറ്ററർ തുന്നിക്കൊണ്ടിരിക്കുകയാണു്. അവളുടെ അടുത്തു കളിച്ചുകൊണ്ടിരുന്ന കുട്ടി, ലക്ഷ്മിയെ കണ്ടതോടെ ചാടിയെഴുന്നേറ്റു് "അമ്മേ, വല്ലിമ്മച്ചി" എന്നു പറഞ്ഞുകൊണ്ടു് അടുത്തുചെന്നു.

അമ്മ തുന്നൽ താഴെയിട്ടിട്ടു വേഗം എഴുന്നേററു നമസ്കരിച്ചു. എന്നിട്ടു് ലക്ഷ്മിക്കിരിക്കാനിട്ടുകൊടുത്തിട്ടു പ്രസന്നവദനയായി "ഇപ്പോഴസുഖമൊന്നുമില്ലല്ലൊ" എന്നു പറഞ്ഞു.

ലക്ഷ്മി:-ങ്ഹാ—ഒന്നുമില്ല. അഥവാ, അസുഖമുണ്ടെങ്കിൽത്തന്നെ സാരമില്ലല്ലോ. ഞാൻ പോകാൻനേരത്തൊരു നോക്കു കാണാൻപോലും പററിയില്ല. പോകുന്നവഴിക്കു ഞാനീ വാതില്ക്കലേക്കുതന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നിട്ടു് ഒരു നിഴലുപോലും കണ്ടില്ല. സുഖക്കേടായിട്ടു പോവുകയാണു്. ഒന്നു് അന്വേഷിക്കുകയെങ്കിലും ചെയ്യാമെന്നു വിചാരിച്ചില്ലല്ലോ. ഇത്രയും കടുപ്പമായാലോ?

കമല ഉത്തരമൊന്നും പറഞ്ഞില്ല.

ലക്ഷ്മി:-എന്തൊക്കെയായാലും എനിക്കാണെങ്കിൽ ഇത്ര കടുപ്പം വരുകില്ല. നിന്നെക്കാണാതിരിക്കാൻ പററുകയില്ലായിരുന്നു.

കമല ഇതിനും ഉത്തരമൊന്നും പറയാതെ നിശ്ശബ്ദയായി നിന്നതെയുള്ളു.

ലക്ഷ്മി ആദ്യമായിട്ടാണവിടെ വരുന്നതു്. വീടു് ചുററിനടന്നു നോക്കി. വളരെ പഴയ വീടു്. കഷ്ടിച്ചു താമസിക്കാൻകൊള്ളാവുന്നതായി മൂന്നു മുറികളേയുള്ളു. സാധനസാമഗ്രികൾ പറയത്തക്കവണ്ണമൊന്നുമില്ല. ഭിത്തിയിലെ കുമ്മായം അവിടെയും ഇവിടെയും ഇടിഞ്ഞു

പോയിട്ടുണ്ട്. നന്നാക്കാൻ പ്രാപ്തിയില്ലെങ്കിലും അനാവശ്യമായ വൃത്തികേടുകൾ ഒന്നും വരുത്തിവച്ചിട്ടില്ല. ഈശ്വരന്മാരുടെ രണ്ടുമൂന്നു പടങ്ങളുണ്ട്. കമല തുന്നിയ പല സാധനങ്ങളും തൂക്കിയിട്ടിട്ടുണ്ട്. അധികവും നൂലുകൊണ്ടു തുന്നിയതു്. മഞ്ഞക്കൊക്കുള്ള പച്ചപ്പക്ഷിയില്ല. 'വെൽക്കം' 'ഗോഡ് ബ്ലെസ്' 'ഗോഡ് ഈസ് ലൗ' എന്നിങ്ങനെയുള്ള ഇംഗ്ലീഷു വാചകങ്ങളോ ഗീതയിലെ ശ്ലോകത്തിന്റെ കഷണങ്ങൾ തെററിച്ചെഴുതിയതോ ഒന്നുമില്ല. ഒരു പടം കണ്ടിട്ടു ലക്ഷ്മി ചോദിച്ചു: "ഇതാരുടെ പടമാ? കണ്ടിട്ടുള്ളപോലെ തോന്നുന്നു."

കമല സലജ്ജം ചിരിച്ചുകൊണ്ടു് "ലോകമാന്യതിലകന്റെ പടം കണ്ടിട്ട് ഒരത്യാഗ്രഹം തോന്നിയതാണു്. ഛായ തീരെ ഒത്തില്ല," എന്നുപറഞ്ഞു ഭിത്തിയിൽ തൂക്കിയിരുന്ന തിലകന്റെ ഒരു പടം ചൂണ്ടിക്കാണിച്ചു.

ലക്ഷ്മി വളരെനേരം അതുതന്നെ നോക്കി നിന്നുപോയി. അവൾ പതുക്കെപ്പറഞ്ഞു: "എനിക്കു് ആളു മനസ്സിലാകാഞ്ഞിട്ടാ. ഛായ ഒക്കാഞ്ഞിട്ടല്ല. ഇതു് എന്നെക്കൂടെ പഠിപ്പിക്കാമോ?"

കമല ചിരിച്ചു. തുന്നൽ പഠിക്കാൻ പതിവായി ട്ടവിടെ ചെല്ലുമെന്നു തീർച്ചപ്പെടുത്തിയിട്ടാണു മൂന്നു നാലു മണിക്കൂറിനുശേഷം ലക്ഷ്മി തിരിച്ചുപോയതു്. അവൾ പതിവായിട്ടവിടെച്ചെന്നു പഠിത്തവും തുടങ്ങി. പക്ഷേ, പത്തുപന്ത്രണ്ടു ദിവസത്തിനുള്ളിൽ, ഇപ്പണി അത്ര എളുപ്പമല്ലെന്നവൾക്കു മനസ്സിലായി. ഒരു ദിവസം അവൾ കമലയോടു പറഞ്ഞു: "നിങ്ങളെന്താ കുറച്ചു ബുദ്ധിമുട്ടി എന്നെ പഠിപ്പിക്കാത്തതു്?"

കമല:- ഇതു പഠിക്കാൻ വളരെനാറം പിടിക്കും. ഇതിലും ഭേദം വേറെ വല്ല ജോലിയും നോക്കുകയാണു്.

ലക്ഷ്മിക്കു ദേഷ്യംവന്നെങ്കിലും അതു വെളിയിൽ കാണിക്കാതെ അവൾ ചോദിച്ചു: "നീ എത്ര നാളുകൊണ്ടാ പഠിച്ചതു്?"

കമല:- എന്നെ ആരും പഠിപ്പിച്ചതല്ല. അവിടെയും ഇവിടെയും കണ്ടു തന്നത്താൻ പഠിച്ചതാണു്.

ലക്ഷ്മി:- അതാണു കാര്യം. മററുള്ളവരുടെ അടുക്കൽ ചെന്നു പഠിക്കയായിരുന്നെങ്കിൽ സമയത്തിൻെറ കണക്കു് ഓർത്തിരുന്നേനെ.

പുറമേയുള്ള കാര്യം എന്തൊക്കെയായാലും ബുദ്ധിയിലും സാമർത്ഥ്യത്തിലും കമലയുടെ അടുത്തെങ്ങും തനിക്കു സ്ഥാനമില്ലെന്നു ലക്ഷ്മി മനസ്സിലാക്കിക്കഴിഞ്ഞു. അന്നു പഠിത്തമൊന്നും നടന്നില്ല. പതിവിലും വളരെ നേരത്തെ നൂലും സൂചിയും പെറുക്കി ലക്ഷ്മി തിരിച്ചു പോവുകയും ചെയ്തു. അടുത്ത ദിവസം അവൾ വന്നുമില്ല. ഇങ്ങനെ ആദ്യമായിട്ടവളുടെ പഠിത്തം മുടങ്ങി.

നാലഞ്ചുദിവസം കഴിഞ്ഞു വീണ്ടുമൊരുദിവസം തയ്യൽസാമാനങ്ങളുമായി ലക്ഷ്മി പ്രത്യക്ഷപ്പെട്ടു. കമല മകനെ മടിയിലിരുത്തി രാമായണത്തിലെ പടം കാണിച്ചു കഥ പറഞ്ഞുകൊടുക്കുകയായിരുന്നു. ലക്ഷ്മിയെ കണ്ടു് അവൾ വേഗം എഴുന്നേററു് ഇരിക്കാൻ കൊടുത്തു. "മൂന്നുനാലു ദിവസമായിട്ടു കണ്ടില്ല, അസുഖമൊന്നുമില്ലായിരുന്നല്ലൊ?"

ലക്ഷ്മി ഗംഭീരഭാവത്തിൽ ഉത്തരം പറഞ്ഞു: "അഞ്ചാറുദിവസത്തേക്കു വരാൻ പററിയില്ല."

കമല:- അഞ്ചാറുദിവസമായോ? ആയെന്നാ തോന്നു

36271

ന്നതു്. എന്നാലൊരു കാര്യം ചെയ്യൂ. ഇന്നു കുറച്ചധികംനേരം ഇരുന്നു കുടിശ്ശിക തീർത്തേക്കൂ.

ലക്ഷ്മി:- ഹ്ഉം. പക്ഷേ, എനിക്കു സുഖമുണ്ടോ ഇല്ലയോ എന്നൊന്നന്വേഷിക്കാൻ തോന്നിയില്ലല്ലോ.

കമല: അതു ശരിയാ, അന്വേഷിക്കേണ്ടതായിരുന്നു. പക്ഷേ, അയയ്ക്കാനാണെങ്കിലൊരാളില്ല. ഇവിട്ടത്തെ പണികഴിഞ്ഞിട്ടു വരാനും പാറുകില്ല. ഏതായാലും തെററു് എന്റേതുതന്നെയാണെന്നു സമ്മതിച്ചു.

ലക്ഷ്മിക്കു തൃപ്തിയായി. അഭിമാനം വിചാരിച്ചാണവൾ ഇത്രയും നാൾ വരാതിരുന്നതു്. രാവും പകലും ഇതുതന്നെയായിരുന്നു വിചാരം. ഈ നാട്ടിൽ കമലയല്ലാതെ അവൾക്കു വർത്തമാനം പറയാൻ വേറെ ആരിരിക്കുന്നു? മകൻ തന്നത്താൻ പടം കാണുകയാണു്. "നിഖിൽ, ഇവിടെ വാ," എന്നു ലക്ഷ്മി അവനെ വിളിച്ചു. അവനടുത്തുവന്നപ്പോൾ ലക്ഷ്മി പെട്ടി തുറന്നു് അതിൽനിന്നും ഒരു സ്വർണ്ണമാലയെടുത്തു് അവന്റെ കഴുത്തിലിട്ടിട്ടു് "പൊയ്ക്കോ, പോയികളിക്കു്," എന്നു പറഞ്ഞു.

കമലയുടെ മുഖം ഗംഭീരമായി, അവൾ ചോദിച്ചു: "ഇതവനു കൊടുക്കുകയായിരുന്നോ?"

ലക്ഷ്മി ചിരിച്ചുകൊണ്ടു പറഞ്ഞു: "ഉം, കൊടുക്കുകയായിരുന്നു."

കമല:- പക്ഷേ, കൊടുത്തെന്നുവച്ചു് അവൻ വാങ്ങുമോ?

ലക്ഷ്മിക്കു് ഉത്തരം മുട്ടി. "മകനു് ഒരു മാലകൊടുക്കാൻ വല്യമ്മച്ചിക്കവകാശമില്ലേ?"

"അതെനിക്കറിയാൻ വയ്യ. പക്ഷേ, അതു മേടിക്കാനനുവദിക്കരുതെന്നു് അമ്മയായ എനിക്കറിയാം.

38271

നിഖിൽ, അതുരി അമ്മച്ചിക്കു കൊടുക്ക്. ചേച്ചി, ഞങ്ങള്ളു ദരിദ്രരാണെങ്കിലും തെണ്ടികളല്ല. വിലപിടിച്ച ഒരു സാധനം കിട്ടിയെന്നു വിചാരിച്ചു് അതു വാങ്ങുകയില്ല."

ലക്ഷ്മി സ്തബ്ധയായിരുന്നുപോയി. ഭൂമി പിളൎന്നു തന്നെ ഗ്രസിച്ചിരുന്നെങ്കിൽ! എന്നിപ്പോഴം അവരം ആശിച്ചു.

പോകാൻനേരത്തു ലക്ഷ്മി പറഞ്ഞു: "ഈ വൎത്തമാനം ചേട്ടൻ കേരംക്കാനിടവരുമേ!"

കമല:-അങ്ങേരുടെ പല വൎത്തമാനങ്ങളും ഞാൻ കേരംക്കാറുണ്ടു്. ഇന്നിപ്പം എന്റെ ഒരു വൎത്തമാനം അങ്ങേരു കേട്ടതുകൊണ്ടു ദോഷമൊന്നും വരാനില്ല.

ലക്ഷ്മി: "അതു ഫലംകൊണ്ടറിഞ്ഞോളൂ." ഒന്നു നിറുത്തിയിട്ടവരം തുടൎന്നു: "ഏതായാലും എന്നെ വെറുതെ അപമാനിക്കേണ്ടായിരുന്നു. ഇതിനു പ്രതികാരം ചെയ്യാനെന്നെക്കൊണ്ടു കഴിയും."

കമല:-ചേച്ചി വെറുതേ ദേഷ്യപ്പെടുന്നതെന്തിനാ? ഞാൻ അപമാനിക്കാനൊന്നും ചെയ്തില്ല. എന്റെ വീട്ടുകാരെ അപമാനിക്കാൻ സമ്മതിച്ചില്ലെന്നേയുള്ളു —ഇതെല്ലാം മനസ്സിലാക്കാൻ ചേച്ചിക്കു ശക്തിയുണ്ടല്ലൊ.

ലക്ഷ്മി:-അതുണ്ടു്. പക്ഷേ, നിന്നെപ്പോലെയുള്ള പെണ്ണുങ്ങളോടു തൎക്കിക്കാൻ ശക്തിയില്ല.

കമല ഒന്നും ഉത്തരം പറഞ്ഞില്ല. ലക്ഷ്മി പോകുന്നതിനിടയിലിങ്ങനെ പറഞ്ഞു: "ഇതിനെന്തു വിലയുണ്ടായിരുന്നാലും അവനോടുള്ള സ്നേഹംകൊണ്ടു ഞാൻ കൊടുത്തതാണു്. നിന്റെ ഭൎത്താവിന്റെ ദാരിദ്ര്യം ഇതു

കൊണ്ടു നീങ്ങുമെന്നു വിചാരിച്ചല്ല. ഞങ്ങൾക്കു കാശു ണ്ടെന്നു വിചാരിച്ചു പാവങ്ങളെ അപമാനിക്കുകയാണു ഞങ്ങളുടെ പണിയെന്നു വിചാരിക്കണ്ട. സ്നേഹിക്കാനും ഞങ്ങൾക്കറിയാം. അതു നിനക്കു മനസ്സിലായില്ല. അതു പഠിക്കണം. അന്നങ്ങു വന്നു കാലു പിടിച്ചാലാവില്ല."

കമല പതുക്കെയൊന്നു ചിരിച്ചുകൊണ്ടു്, "അതില്ല ചേച്ചീ, അതു പേടിക്കേണ്ട" എന്നുമാത്രം പറഞ്ഞു.

3

ചെറിയൊരു വെള്ളച്ചാല് ഒലിക്കുന്നതു കണ്ടാൽ, ഇതുകൊണ്ടു ചിറ മുറിഞ്ഞുപോകുമെന്ന് ആരും വിചാരിക്കാറില്ല. പക്ഷേ, പതുക്കെ ആരംഭിച്ച്, വളൎന്ന്, പെട്ടെന്നു ഭയങ്കരപ്രവാഹമായി മാറി ചിറ പാടേ ഒഴുക്കിക്കളഞ്ഞു എന്നു വരും. ഇതുപോലെയാണ് ഹരിലക്ഷ്മിക്കും പററിയതു്. വിപിനനെയും ഭാൎയ്യയെയുംപററി ഭൎത്താവിൻെറ അടുത്തു പറഞ്ഞുതുടങ്ങിയിട്ട് ഏതെല്ലാം വഴിക്കാണതു പോയതെന്നു കണ്ടപ്പോൾ അവൾക്കുതന്നെ പേടിയായിപ്പോയി. കള്ളം പറയുന്നതവളുടെ സ്വഭാവമായിരുന്നില്ല. എങ്കിലും, തടുക്കാനാകാത്ത ക്ഷോഭത്തിനിടയിൽ പറഞ്ഞുകൂട്ടിയ സംഗതികൾ പലതും സത്യമല്ലായിരുന്നുവെന്നവൾക്കുതന്നെ നിശ്ചയമുണ്ടായിരുന്നു. പക്ഷേ, അതൊന്നും തടയാനും തന്നെക്കൊണ്ടാവില്ലെന്നവൾക്കറിയാമായിരുന്നു. ഒരു കാൎയ്യം മാത്രമേ അവൾക്കു ശരിയായി അറിയാൻ പാടില്ലാതെ ഉണ്ടായിരുന്നുള്ളു. അവളുടെ ഭൎത്താവിൻെറ സ്വഭാവം; അദ്ദേഹം നിഷ്ഠുരനാണെന്നു മാത്രമല്ല, അതുപോലെതന്നെ കൎക്കശനും പ്രതികാരശീലനും ആയിരുന്നു. ഇത്രത്തോളമേ മനുഷ്യരെ ഉപദ്രവിക്കാവൂ എന്നയാൾക്ക് ഒരു കണക്കുമുണ്ടായിരുന്നില്ല. ഇന്നു ലക്ഷ്മിയുടെ വൎത്തമാനം കേട്ടിട്ടു ശിവചരണൻ ഒട്ടും ഉത്സാഹം കാണിച്ചില്ല. വെറുതെ, "ശരി, നാലഞ്ചുമാസം കഴിഞ്ഞു കണ്ടോ, കൊല്ലം തികയാൻ വിടുകയില്ല" എന്നു മാത്രം പറഞ്ഞതേയുള്ളു.

മാനക്കേടിൻെറ ജ്വാല ലക്ഷ്മിയുടെ ഉള്ളിൽ

എരിഞ്ഞുകൊണ്ടിരുന്നെങ്കിലും, കമലയെ ഒരു പാഠം പഠിപ്പിക്കണമെന്നുണ്ടായിരുന്നെങ്കിലും, ശിവചരണൻ ഉദാസീനമായിപ്പറഞ്ഞ ഈ വാക്കുകളെക്കുറിച്ചു വീണ്ടും വീണ്ടും ആലോചിച്ചിട്ട ലക്ഷ്മിക്കു തീരെ സമാധാനമുണ്ടായില്ല. കുറച്ചു കടന്നുപോയി എന്ന് അവൾക്കു തോന്നി.

രണ്ടുമൂന്നു ദിവസം കഴിഞ്ഞു് ഒരുദിവസം അവൾ പ്രസംഗവശാൽ ഭർത്താവിനോടു ചോദിച്ചു: "എന്നിട്ടവരുടെ കാര്യം എന്തായി?"

"ആരുടെ കാര്യം?"

"വിപിനൻെറ."

ശിവചരണൻ ഉദാസീനനായി, "എന്നെക്കൊണ്ടെന്തു സാധിക്കും? ഞാൻ പാവം!"

ലക്ഷ്മി ഉദ്വേഗസ്വരത്തിൽ, "എന്തു പറഞ്ഞാലോ?"

ശിവചരണൻ:-ഞാനല്ല രാജാവ്. ഇംഗ്ലീഷുകാരാണെന്നാ അവളു പറയുന്നതു്.

ലക്ഷ്മി:-ആങ്ഹാ. പക്ഷേ—

ശിവചരണൻ:-എന്തു പക്ഷേ?

ലക്ഷ്മി സ്വല്പം സംശയം പ്രകടിപ്പിച്ചുകൊണ്ടു്, "അതൊള്ളതാണെന്നെനിക്കു തോന്നുന്നില്ല. അവളങ്ങനെ പറയുകില്ല. അതിലൊക്കെ മിടുക്കിയാണവൾ. വല്ലവരും പറഞ്ഞുണ്ടാക്കി കേൾപ്പിച്ചതായിരിക്കും."

ശിവചരണൻ:-ഞാൻ ഈ ചെവികൊണ്ടു കേട്ടതല്ലേ? പിന്നെയാ!

ലക്ഷ്മിക്കു് ഇതു വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഭർത്താവിനെ പ്രീതിപ്പെടുത്താനുള്ള ശ്രമത്തിൽ കോപം ഭാവിച്ചുകൊണ്ടു്, "ആങ്ഹാ അത്ര

യ്ക്കായയോ? അത്ര അഹങ്കാരമോ? എന്നെ എന്തൊക്കെ പ്പറഞ്ഞാലും മൂത്തവരെ ബഹുമാനം വേണ്ടേ?" എന്നു പറഞ്ഞു.

ശിവചരണൻ:- വിദൂഷിയല്ലേ; അവൾക്കതൊക്കെയാകാം. എന്നെ അപമാനിച്ചാൽ നിവൃത്തിയുണ്ടു്. പക്ഷേ, നിന്നെ അപമാനിച്ചതു ഞാൻ ക്ഷമിക്കുകയില്ല. ശകലം ജോലിയുണ്ടു്. ഇപ്പോൾ പോകട്ടെ.

ശിവചരണൻ പോയി. കച്ചേരിയിൽചെന്നു വിപിനനെ വിളിച്ചുവരുത്തി പറഞ്ഞു: "വിപിനാ, എത്ര നാളായി ഞാൻ നിന്നോടു പറയുന്നു നിന്റെ തൊഴുത്തു് പൊളിച്ചുമാററാൻ? അന്യരുടെ സ്ഥലത്തു് എത്ര നാൾ വെച്ചോണ്ടിരിക്കാമെന്നാ വിചാരം?"

വിപിനൻ അത്ഭുതപ്പെട്ടു്, "ചേട്ടനിതുവരെ ഇക്കാര്യം എന്നോടു പറഞ്ഞുപോലുമില്ലല്ലൊ" എന്നു പറഞ്ഞു.

ശിവചരണൻ:- ആങ്ഹാ—പത്തുപതിനഞ്ചുപ്രാവശ്യമെങ്കിലും നിന്നോടു പറഞ്ഞതു് എനിക്കോർമ്മയുണ്ടു്. നിനക്കു് ഓർമ്മ കുറവായിരിക്കും. പക്ഷേ, എനിക്കു മറവിയും മററുമില്ല. എന്തായാലും എത്ര നാളാണീ വിദ്യ നടക്കാൻ പോകുന്നതു്? നാളെത്തന്നെ പൊളിച്ചുമാററു്. എനിക്കിനി കാത്തിരിക്കാനൊക്കുകില്ല.

ഈ അത്ഭുതകരമായ പ്രസ്താവം കേട്ടു സ്തംഭിച്ചുപോയ വിപിനന്റെ വായിൽനിന്നു് ഒരക്ഷരംപോലും പുറപ്പെട്ടില്ല.

അപ്പൂപ്പന്റെ കാലംമുതല്ക്കു് ആ തൊഴുത്തു് അവിടെ നില്ക്കുന്നതായിട്ടു് വിപിനനറിയാം. ഇന്നിപ്പുതിയ ന്യായത്തിനു് ഉത്തരം പറയാനൊന്നും കാണാതെ അയാൾ നിശ്ശബ്ദം ഇറങ്ങിപ്പോയി.

കമല കഥകളെല്ലാം കേട്ടതിനുശേഷം പറഞ്ഞു: "ഏതായാലും പാവപ്പെട്ടോൎക്ക രാജാവിൻെറ കോടതിയില്ലേ?"

വിപിനൻ ഒന്നും പറഞ്ഞില്ല. എത്ര നേരുകാരനും ദരിദ്രനാണെങ്കിൽ ഇംഗ്ലീഷുരാജാവിന്റെ കോടതിയിൽ സ്ഥാനമില്ലെന്നു് അയാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. പിറേറദിവസം ജമിന്ദാരുടെ ആൾക്കാർ വന്നു തൊഴുത്തു പൊളിച്ചുമാററി കയ്യാലവെച്ചു. വിപിനൻ ഠാണാവിൽ പോയി പോലീസിലറിവുകൊടുത്തെങ്കിലും കയ്യാലപ്പണി പൂൎത്തിയാകുന്നതിനുമുമ്പ് ഒരു ചുവന്ന തൊപ്പിയുടെ ഛായപോലും ആ നാട്ടിലെങ്ങും കണ്ടില്ല. കമല കൈയിൽ കിടന്ന വളയൂരി വിററു കേസ്സുകൊടുത്തു എങ്കിലും വളപോയതിൽ കൂടുതലായി വിശേഷമൊന്നുമുണ്ടായില്ല.

വിപിനൻെറ വകയിലൊരു കൊച്ചമ്മ ഇതിനിടയിൽ കമലയുടെ അടുത്തുചെന്നു ഗുണദോഷിക്കാതിരുന്നില്ല. "വന്നതൊക്കെ വന്നു; നീ പോയി ഹരിലക്ഷ്മിയെക്കണ്ടു കാലുപിടിക്കു്" എന്നാണവൾക്കു പറയാനുണ്ടായിരുന്നതു്.

"കടുവായുടെ മുമ്പിൽ സാമം പറഞ്ഞിട്ടെന്താണൊരു ഗുണംവരാനുള്ളതു കൊച്ചമ്മേ? ജീവൻ പോകാനുള്ളതു പോവും. അതിനുപുറമേ നാണക്കേടും വലിച്ചുവയ്ക്കണോ?"

ഇതും ഹരിലക്ഷ്മിയുടെ ചെവിയിലെത്തിയെങ്കിലും അവൾ ഒരക്ഷരവും ഉരിയാടിയില്ല.

കാശിയിൽനിന്നു തിരിച്ചുവന്നതിനുശേഷം ഹരിലക്ഷ്മിക്കു വീണ്ടും അസുഖം തുടങ്ങി. ഒന്നൊന്നരമാസം കഴിഞ്ഞപ്പോഴേക്കും പനിയായി കിടപ്പിലായി. നാട്ടിലെ

ഡാക്ടരുടെ ചികിത്സകൊണ്ടു കുറച്ചുദിവസം കഴിച്ചു. ഫലമൊന്നും കാണാഞ്ഞതിനാൽ വീണ്ടും അവൾ കാശിക്കു യാത്രയായി. ഇപ്രാവശ്യം ജോലിത്തിരക്കുകൊണ്ടു ശിവചരണന്നു കൂടെപ്പോകാൻ പററിയില്ല. പോകാൻ നേരത്തു ലക്ഷ്മിക്കു ഭർത്താവിനോട് എന്തോ പറയാനുണ്ടായിരുന്നെങ്കിലും അതു വായിൽനിന്നും വെളിയിൽ വന്നില്ല. ഈ മനുഷ്യനോടു പറഞ്ഞിട്ടു കാര്യമില്ല; അയാൾക്കിതൊന്നും മനസ്സിലാവില്ലെന്നവൾക്കറിയാമായിരുന്നു.

## 4

ഇപ്രാവശ്യം ഹരിലക്ഷ്മിയുടെ ദേഹസ്ഥിതി നന്നാകുവാൻ കുറച്ചധികംനാൾ പിടിച്ചു. ഏകദേശം ഒരു വഷത്തിനുശേഷം അവൾ ബേൽപൂരിൽ തിരിച്ചെത്തി. നാട്ടിലുള്ള പെണ്ണുങ്ങളെല്ലാം അവളെ കാണാൻ വന്നു. ജമിന്ദാരുടെ ഭാര്യയെന്നു മാത്രമാണോ? വലിയ കുടുംബത്തിലെ കാരണോത്തിയുമല്ലേ? എല്ലാവരും വരാതെ പററുമോ? വിപിനൻെറ ഭാര്യമാത്രം വന്നില്ല. അവൾ വരികില്ലെന്നു ഹരിലക്ഷ്മിക്കു നല്ല വിശ്വാസവുമുണ്ടായിരുന്നു. ഈ ഒരു വഷത്തിനിടയിൽ അവരുടെ സ്ഥിതിയെന്തായി, അവരുടെ പേരിലുണ്ടായിരുന്ന കേസ്സുകളുടെ ഫലമെന്തായി എന്നൊന്നും അവൾ അന്വേഷിക്കാൻ പോയില്ല. ശിവചരണൻ കൂടെക്കൂടെ കാശിയിൽ ഹരിലക്ഷ്മിയുടെ അടുത്തു പോകാറുണ്ട്. അയാളെ കാണുമ്പോൾ ഒന്നാമതു് ഹരിലക്ഷ്മിയുടെ ഓമ്മയിൽ വരാറുള്ളതു കമലയുടെയും വിപിനൻെറയും കാര്യമാണു്. പക്ഷേ, അതെപ്പററി ചോദിക്കാൻ ഒരിക്കലും പററാറുമില്ല. ചോദിക്കാനവൾക്കു ഭയമായിരുന്നു. ഇതിനിടയ്ക്കു വാശിയും വിരോധവുമെല്ലാമൊട്ടടങ്ങിയിരിക്കും. ഇനിയതു കുത്തിപ്പൊക്കിക്കൊണ്ടുവന്നു വീണ്ടും വഴക്കുണ്ടാക്കേണ്ട എന്നു വിചാരിച്ചു്, ഈ നിസ്സാരസംഗതി മറന്നേ പോയി എന്ന ഭാവത്തിലായിരുന്നു ഹരിലക്ഷ്മിയുടെ പെരുമാററം. ശിവചരണനും ഒരിക്കൽപ്പോലും വിപിനൻെറ കാര്യത്തെപ്പറ്റി പറയുകയുണ്ടായില്ല. ഹരിലക്ഷ്മിക്കു നേരിട്ട അപമാനത്തിൻെറ കഥ അയാൾ മറന്നുപോയെന്നല്ല—അതിനു പകരംവീട്ടാനുള്ള വഴി

കം ഇതിനിടയിൽ നോക്കുകയും ചെയ്തിരുന്നു. പക്ഷെ, അതയാം പറഞ്ഞില്ലെന്നേയുള്ളൂ. ലക്ഷ്മി തിരിച്ചുവരു മ്പോൾ എല്ലാം സ്വയം കണ്ടു തൃപ്തിപ്പെട്ടുകൊള്ളട്ടെ എന്നായിരുന്നു അയാളുടെ വിചാരം.

നേരം അധികമാകുന്നതിനു മുമ്പുതന്നെ അപ്പച്ചി യുടെ നിർബ്ബന്ധമനുസരിച്ചു് ലക്ഷ്മി കുളികഴിഞ്ഞുവന്നു. "സുഖക്കേടു ഭേദമായതല്ലേയുള്ളൂ—നിനക്കു ചോറു് ഇ ങ്ങോട്ടു കൊണ്ടുവരാൻ പറയാം" എന്നു് അപ്പച്ചി അ ഭിപ്രായപ്പെട്ടു.

ലക്ഷ്മിക്കതു രസിച്ചില്ല. "എത്രനാളാ സുഖക്കേടാ ണെന്നും പറഞ്ഞിരിക്കുക. എനിക്കിപ്പളൊന്നുമില്ല. അ ടുക്കളയിൽത്തന്നെ ഇരുന്നോളാം" എന്നു് അവം പ റഞ്ഞെങ്കിലും അപ്പച്ചി അതു സമ്മതിച്ചില്ല. അടു ക്കളയിൽ പോകരുതെന്നാണത്രെ ശിവൻ പറഞ്ഞി രിക്കുന്നതു്. ആ മുറിയിൽത്തന്നെ ആസനം ഇട്ടു. ഉത്തര ക്ഷണത്തിൽ അരിവെപ്പുകാരി ചോറുമായി പ്രവേശി ച്ചു. അവം പോയിക്കഴിഞ്ഞു ലക്ഷ്മി ആസനത്തിൽ വ ന്നിരുന്നു. "ഇവരേതാ? മുമ്പു കണ്ടിട്ടില്ലല്ലൊ."

അപ്പച്ചി ഹാസ്യമായിട്ടൊന്നു ചിരിച്ചിട്ടു്: "ആ ഹാ! അതു കൊള്ളാം. വിപിനൻെറ പെണ്ണല്ലേ? കണ്ടി ട്ടു മനസ്സിലായില്ലേ?"

ലക്ഷ്മി സ്തബ്ധയായിരുന്നുപോയി. തന്നെ പ്രീതി പ്പെടുത്താനായിട്ടാണു് അടുക്കളയിൽ പോകാൻ സമ്മ തിക്കാതിരുന്നതെന്നവംക്കു മനസ്സിലായി. സ്വല്പം കഴി ഞ്ഞു് ഒന്നും പറയാതെതന്നെ ജിജ്ഞാസാദ്യോതകമായി അവം അപ്പച്ചിയുടെ മുഖത്തേക്കു നോക്കി.

"വിപിനൻ ചത്തുപോയി. അതു നീ കേട്ടില്ലേ?"

ലക്ഷ്മി ഒന്നും കേട്ടിരുന്നില്ല. എങ്കിലും ഇപ്പോം,

വിളമ്പിയിട്ടുപോയ സ്ത്രീ വിധവയാണെന്നവൾക്കു കാഴ്ചയിൽത്തന്നെ മനസ്സിലായിരുന്നു. "ഓഹോ" എന്ന് അവൾ ഒന്നു മൂളുകമാത്രം ചെയ്തു.

അപ്പച്ചി കഥകളെല്ലാം വിസ്തരിച്ചുതന്നെ കേൾപ്പിച്ചു. കേസ്സു നടത്തി നടത്തി ഉണ്ടായിരുന്നതെല്ലാം നശിച്ചു. വിപിനനും ചത്തു. കടക്കാർ വന്നു വീടു കൈവശപ്പെടുത്തി.

ലക്ഷ്മി വിവർണ്ണയായി അപ്പച്ചിയുടെ മുഖത്തു നോക്കിയിരുന്നുപോയി. അവർ തുടൎന്നു: "ഞാനൊരു ദിവസം അവളെ വിളിച്ചു കാൎയ്യമൊക്കെപ്പറഞ്ഞുകൊടുത്തു. വരാനുള്ളതൊക്കെ വന്നു. ഇനി അതു വിചാരിച്ചോണ്ടിരുന്നിട്ടെന്താ ഒരു വിശേഷം? നീ പോ. കാശീച്ചെന്നു ലക്ഷ്മിയെക്കണ്ടു് അവളുടെ കാലുപിടിച്ചു കരയു. കൊച്ചിനെക്കണ്ടാലവൾക്കു ദയ തോന്നും."

പറഞ്ഞുപറഞ്ഞു് അപ്പച്ചിയുടെ കണ്ണു നിറഞ്ഞു. കണ്ണുതുടച്ചുകൊണ്ടവർ തുടൎന്നു: "എന്നിട്ടിതൊന്നും അവൾക്കു പിടിച്ചില്ല. കമാന്നൊരക്ഷരംപോലും മിണ്ടിയില്ല."

ലക്ഷ്മിക്കെല്ലാം മനസ്സിലായി. തൻെറ അപരാധങ്ങളുടെ ഭാരമെല്ലാം തൻെറ തലയിൽത്തന്നെ വന്നുതങ്ങി. ചോറിനും കറിക്കും സ്വാദില്ലാതായി. ഒരു വറ്റുപോലും വായിലിട്ടില്ല. അപ്പച്ചി എന്തോ ആവശ്യത്തിനു വെളിയിൽ പോയി തിരിച്ചുവന്നപ്പോൾ ഈ അവസ്ഥ കണ്ടിട്ടു പരിഭ്രമിച്ചു് അവിടെ നിന്നുകൊണ്ടുതന്നെ ഉച്ചത്തിൽ കമലയെ വിളിച്ചു.

അവൾ വാതിലിനു വെളിയിലെത്തിയപ്പോഴേക്കും അപ്പച്ചി ഗൎജ്ജനം തുടങ്ങി: "ഇങ്ങനെയാ നീ വേലയെടു

ക്കാൻ പഠിച്ചിരിക്കുന്നു? ഹും—ഒരു വററുപോലും കുഞ്ഞു വായിലിട്ടില്ലല്ലൊ."

ഇതിനു് ഒരുത്തരവും വെളിയിൽനിന്നും വന്നില്ല. എങ്കിലും മററുള്ളവൎക്കുണ്ടായ അപമാനത്തിൻെറ ഭാരം കൊണ്ടു് ഹരിലക്ഷ്മിയുടെ തല ചുററുകയായിരുന്നു. അപ്പച്ചി വിട്ടില്ല: "മററുള്ളോരുടെ വീട്ടിൽ വേലയ്ക്കുനിന്നാൽ കണ്ടമാനം കാണിക്കരുതു്. മററുള്ള വേലക്കാർ കാണിക്കുന്നതുപോലെ നീയും പെരുമാറിക്കൊള്ളണം. അല്ലെങ്കിൽ—"

കമല പതുക്കെപ്പതുക്കെ ഉത്തരം പറഞ്ഞു: "ഞാനും അതിനാണെൻെറ അപ്പച്ചീ ശ്രമിക്കുന്നെ. ഇന്നെന്തോ പിഴപററിപ്പോയി."

ഇത്രയും പറഞ്ഞിട്ടവൾ നടന്നുകളഞ്ഞു. ലക്ഷ്മി ഊണു കഴിക്കാതെതന്നെ എഴുന്നേററു. അപ്പച്ചിയുടെ സങ്കടം കണ്ടു് അവൾ മൃദുസ്വരത്തിൽ പറഞ്ഞു: "എന്തിനാ അപ്പച്ചീ വിഷമിക്കുന്നതു്? എനിക്കിന്നു തീരെ സുഖമില്ലാഞ്ഞിട്ടാ. അല്ലാതെ വെപ്പു മോശമായിട്ടല്ല."

കൈകഴുകി തിരിച്ചുവന്നു തൻെറ മുറിയുടെ ഏകാന്തതയിലിരുന്ന ലക്ഷ്മിക്കു ശ്വാസം മുട്ടിത്തുടങ്ങി. എന്തൊക്കെ അപമാനമുണ്ടായാലും അതെല്ലാം സഹിച്ചു കമലയ്ക്കു വേലചെയ്യാൻ പററുമായിരിക്കും—പക്ഷേ, ലക്ഷ്മിക്കാ വീട്ടിലെ ഗൃഹനായികയായിരിക്കാൻ സാദ്ധ്യമല്ല. തൻെറ ദോഷംകൊണ്ടല്ല ഈ സ്ഥിതി വന്നതെന്നു കമലയ്ക്കു സമാധാനിക്കാം. ലക്ഷ്മിക്കോ?

രാത്രി ഭൎത്താവിനോടു് എന്തു പറയണമെന്നാലോചിച്ചിട്ടു് അവൾ ഒന്നും കണ്ടില്ല. ഒരൊററ വാക്കുകൊണ്ടു കമലയുടെ സകല കഷ്ടപ്പാടുകളും നീക്കാൻ കഴിയും. എങ്കിലും നിസ്സഹായയായ ഒരു സ്ത്രീയുടെനേരെ ഇത്ര

ഹൃദയഹീനമായി പ്രവൎത്തിക്കാൻ സാധിച്ച ഈ മനുഷ്യനോടു ഭിക്ഷ യാചിക്കുവാനുള്ള ഹീനത ലക്ഷ്മിക്കുണ്ടായില്ല.

ശിവചരണൻ പതുക്കെ മന്ദഹസിച്ചുകൊണ്ടു്, "വിപിനന്റെ ഭാൎയ്യയെ കണ്ടില്ലേ? അവളുടെ വെപ്പെങ്ങനെയിരിക്കുന്നു?" എന്നു ചോദിച്ചു.

ഹരിലക്ഷ്മി ഉത്തരം പറഞ്ഞില്ല. ഇതു തന്റെ ഭൎത്താവാണെന്നും ഇയാളുടെക്കൂടെ ജീവിതം മുഴുവനും കഴിക്കണമെന്നും ഓൎത്തപ്പോൾ മരിച്ചാൽ മതിയായിരുന്നു എന്നവൾക്കു തോന്നിപ്പോയി.

"പനിയുടെ ലക്ഷണമുണ്ടു്, ഇന്നൊന്നും കഴിക്കുന്നില്ല" എന്നു പിറേറന്നു രാവിലെതന്നെ ലക്ഷ്മി അപ്പച്ചിയെ അറിയിച്ചു. അവർ വന്നു ക്രാസ്സുചെയ്യാൻ തുടങ്ങി. ലക്ഷ്മിയുടെ ഭാവത്തിൽനിന്നും സ്വരത്തിൽനിന്നും എവിടെയോ എന്തോ കുഴപ്പമുണ്ടെന്നും ലക്ഷ്മി എന്തോ ഒളിക്കുകയാണെന്നും അവൾക്കു മനസ്സിലായി. "നിനക്കു വാസ്തവത്തിൽ പനിയുണ്ടോ?"

"എനിക്കു പനിയാണു്. ഞാനൊന്നും കഴിക്കുകയില്ലെന്നാ പറഞ്ഞതു്" എന്നു ലക്ഷ്മി ഉറപ്പിച്ചു പറഞ്ഞു.

ഡാക്ടർ വന്നു. ലക്ഷ്മി അയാളെ വന്നപാടെ തിരിച്ചയച്ചുകളഞ്ഞു. "എന്തിനാ വെറുതെ ബുദ്ധിമുട്ടുന്നതു്? ഈ മരുന്നുകൊണ്ടെനിക്കു സുഖമാകുകയില്ലെന്നറിഞ്ഞുകൂടേ?"

ശിവചരണൻ വളരെയൊക്കെ ശ്രമിച്ചുനോക്കിയിട്ടും ഒരക്ഷരംപോലും ലക്ഷ്മിയുടെ വായിൽനിന്നു വെളിയിൽ വന്നില്ല.

ഇങ്ങനെ ഒന്നുരണ്ടു ദിവസങ്ങൾകൂടി കഴിഞ്ഞു. വീട്ടിലുള്ളവൎക്കെല്ലാം പരിഭ്രമമായിത്തുടങ്ങി.

ഒരു ദിവസം ഉച്ചതിരിഞ്ഞ സമയത്ത് ലക്ഷ്മി കുളിമുറിയിൽനിന്നു മാളികയിലേക്കു പോവുകയായിരുന്നു. അപ്പച്ചി അടുക്കളയുടെ ഇറയത്തു നിന്നുകൊണ്ടു: "കണ്ടില്ലേ ഇതു്? വിപിനന്റെ പെണ്ണു കാണിച്ച പണി! ഒടുക്കം നീ മോഷണോം തുടങ്ങിയല്ലോടീ!"

ഹരിലക്ഷ്മി അടുത്തുചെന്നു. കമല സ്തബ്ധയായി തല കുനിച്ചു തറയിലിരിക്കുന്നുണ്ടു്. ഒരു പാത്രത്തിൽ കുറച്ചു ചോറും കറികളും തോൎത്തുമുണ്ടുകൊണ്ടു മൂടിയതു മുമ്പിലുണ്ടു്. അപ്പച്ചി അതു കാണിച്ചുകൊണ്ടു തുടങ്ങി: "ഇതു നോക്കു്, ഇതെല്ലാം ഒരുത്തിതന്നെ തിന്നുമോന്നു്. എടുത്തോണ്ടു പോകുകാ, ആ ചെറുക്കനെ കൊടുക്കാൻ. ഒരു പ്രാവശ്യമല്ലാ ഞാമ്പറയുന്നു ഇതൊന്നും നടക്കത്തില്ലാന്നു്. ഇതു വല്ലതും ശിവൻ കേട്ടാൽ നിന്നെ അടിച്ചു വെളിയിലിറക്കും. ലക്ഷ്മീ, നീതന്നെ പറ."

തന്റെ ഭാരം ഒഴിഞ്ഞ നിലയിൽ അപ്പച്ചി ഒന്നു വിരമിച്ചു.

ബഹളംകേട്ടു വേലക്കാരെല്ലാം ഓടിയെത്തി. തമാശ കാണാൻ ചുററുംകൂടി. ഈ ബഹളങ്ങൾക്കിടയിൽ രണ്ടുപേരുടെ മാത്രം നാക്കനങ്ങിയില്ല—വിപിനന്റെ ഭാൎയ്യയുടെയും ഹരിലക്ഷ്മിയുടെയും.

ഇത്ര ചെറിയൊരു കാൎയ്യത്തിനുവേണ്ടി ഇത്ര വലിയ ബഹളമുണ്ടാകുമെന്നു ലക്ഷ്മി സ്വപ്നത്തിൽപ്പോലും ഓൎത്തിരുന്നില്ല. ഒന്നുമൊരുത്തരവും പറയാനവൾ കണ്ടില്ല. അപമാനംകൊണ്ടും ലജ്ജകൊണ്ടും അവൾക്കു മുഖമുയൎത്തി നോക്കാൻപോലും സാധിച്ചില്ല. കണ്ണിൽനിന്നും ധാരധാരയായി വെള്ളം ഒഴുകിത്തുടങ്ങി. ഇതുവരെ

36271

ആളുകളുടെ മുമ്പിൽവെച്ചു വിപിനന്റെ ഭാര്യ തന്നെ വിസ്തരിക്കുകയാണു് എന്നാണവൾക്കു തോന്നിയതു്.

രണ്ടുമൂന്നു മിനിട്ടിങ്ങനെ കഴിഞ്ഞു. വളരെ ബുദ്ധിമുട്ടി സ്വയം നിയന്ത്രിച്ചിട്ടു് ലക്ഷ്മി അവരോടെല്ലാം വെളിയിലിറങ്ങിപ്പോകാൻ പറഞ്ഞു.

എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ലക്ഷ്മി പതുക്കെച്ചെന്നു കമലയുടെ അടുത്തിരുന്നു് അവളുടെ മുഖം പിടിച്ചുപൊക്കി. കമലയുടെ കണ്ണുകളിൽനിന്നും വെള്ളം ഒഴുകുന്നുണ്ടായിരുന്നു. സാരിയുടെ അററംകൊണ്ടു കമലയുടെ കണ്ണുനീർ തുടച്ചുകൊണ്ടു ലക്ഷ്മി പറഞ്ഞു: "ഞാൻ നിന്റെ ചേച്ചിയല്ലേ—"

★

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MF9 Acc. No. 36271

This book should be returned on or before the date last stamped below.

൩൬൭ 36271

ചാററൽഡിശരഷ്യന്ത്ര

ഹരിലക്ഷ്മി.

K. S. S. PI...
JAN 1966

# ശരച്ചന്ദ്രന്റെ കൃതികൾ

ശരച്ചന്ദ്ര ചാറ്റർജിയുടെ കൃതികൾ വംഗസാഹിത്യത്തിലെ വാടാമലരുകളാണു്. ബംഗാളിന്റെ നാഡിമിടിപ്പു് അദ്ദേഹത്തിന്റെ കൃതികളിൽ കേൾക്കാം. തന്റെ ജന്മദേശം അതുൾക്കൊള്ളുന്ന എല്ലാ നേട്ടങ്ങളോടും കോട്ടങ്ങളോടും കൂടി അദ്ദേഹം നമ്മുടെ മുമ്പിൽ അവതരിപ്പിക്കയാണു്. വ്യക്തിത്വം നിറഞ്ഞ കഥാപാത്രങ്ങൾ നമ്മോടു് നേരിട്ടു സംസാരിക്കുന്ന പ്രതീതിയാണു് അദ്ദേഹത്തിന്റെ കൃതികൾ വായിക്കുമ്പോൾ നമുക്കുണ്ടാവുക. ഈ കൃതിയും വായിക്കുന്ന സമയം നാം ബംഗാളിലെ നാട്ടിൻപുറങ്ങളിൽത്തന്നെ നില്ക്കുന്നതായി തോന്നും. ഗ്രന്ഥകാരന്റെ ഹൃദയവിശാലതയും മനുഷ്യത്വവും കൃതികൾക്കു് ഒരു വല്ലുപ്പൊലിമ പ്രദാനം ചെയ്യുന്നതായി കാണാം. അദ്ദേഹത്തിന്റെ കൃതികളിൽ വളരെ കുറച്ചു കഥാപാത്രങ്ങളേയുള്ളു. അവയെ യഥാതഥമായി അദ്ദേഹം ആവിഷ്കരിക്കുകയും ചെയ്യുന്നു. ഇതിവൃത്തത്തിന്റെ ഗതി തികച്ചും ഋജുവാണു്. പ്രതിപാദനം സരസകോമളവും. ഇതിനൊക്കെപ്പുറമേ അദ്ദേഹത്തിന്റെ കൃതികൾ ബംഗാളികളുടെ സാമൂഹ്യജീവിതത്തിന്റെയും ജീവിതവീക്ഷണത്തിന്റെയും ദർപ്പണമാണു്. ഇതൊക്കെയാണു് ശരച്ചന്ദ്രന്റെ കൃതികളെ ആകർഷകമായ കലാസൃഷ്ടികളാക്കിത്തീർത്തിരിക്കുന്നതു്.


## നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ